# ജ്ഞാനപ്രകാശിനി യു.പി. സ്കൂൾ
## കേച്ചേരി



# അക്കാദമിക് മാസ്റ്റർ പ്ലാൻ

## 2025-26

കേച്ചേരി പി.ഒ.

E-mail : gnanaprakasinikechery4@gmail.com
Phone : 04885 242301

# PROFILE

| | | |
|---|---|---|
| Name of School with Land Number | : | Gnanaprakasini<br>U.P.S.Kechery.<br>04885 242301 |
| Name of Revenue Village / Ward | : | Eranellur |
| Name of Cluster (CRC) | : | Kechery |
| Name of Panchayath | : | Choondal |
| Name of Block with Phone Number | : | Chowannur |
| Name of District | : | Thrissur |
| Name of HM with Mobile Number | : | Smitha T.P. - 9633591167 |

# വിദ്യാലയ ചരിത്രം

തൃശൂർ ജില്ലയിൽ തലപ്പിള്ളി താലൂക്കിൽ ചൂണ്ടൽ പഞ്ചായത്തിലെ കേച്ചേരിയിലാണ് ജ്ഞാനപ്രകാശിനി യു.പി. സ്കൂൾ സ്ഥിതിചെയ്യുന്നത്. തൃശൂർ - കുന്നംകുളം റൂട്ടിലെ പ്രധാന പട്ടണമായ കേച്ചേരിയുടെ ഹൃദയഭാഗത്തു തന്നെയാണ് ഈ വിദ്യാലയം.

സാമ്പത്തികമായി ഇടത്തരക്കാരും വിദ്യാഭ്യാസത്തിൽ പിന്നോക്കാവസ്ഥയിലുമായിരുന്ന ഈ പ്രദേശത്തെ കുട്ടികൾക്ക് നാലാം ക്ലാസുവരെ പഠിക്കാനുള്ള സൗകര്യം മാത്രമാണ് പണ്ടുണ്ടായിരുന്നത്. നാലാം ക്ലാസു കഴിഞ്ഞാൽ കുട്ടികൾ മറ്റം, വേലൂർ, കുന്നംകുളം തുടങ്ങിയ സ്ഥലങ്ങളിലുള്ള ഹൈസ്കൂളിലേക്ക് നടന്നു പോകേണ്ട സ്ഥിതിയായിരുന്നു. ഇതുകൊണ്ടുതന്നെ വിദ്യ നേടാനാഗ്രഹിക്കുന്ന പലർക്കും അതിന് സാധിക്കാതെ വന്നിരുന്നു. ഈ ദുഃസ്ഥിതിയ്ക്കൊരു പരിഹാരമായി 1942ൽ ഇരുപത്തൊന്ന് വിദ്യാർത്ഥികളുമായി ഒരു പ്രീ-പ്രാക്ടറി ക്ലാസോടുകൂടിയാണ് ഈ വിദ്യാലയത്തിന്റെ ആരംഭം. അന്നത്തെ ഗ്രാമോദ്ധാരണ സംഘം പ്രസിഡണ്ടും ഗ്രാമീണ വായനശാല പ്രസിഡണ്ടുമായിരുന്ന സി.സി. തോമസ് മാസ്റ്ററാണ് ആദ്യത്തെ മാനേജരും ഹെഡ്മാസ്റ്ററും. ഗ്രാമോദ്ധാരണം മോഡൽ സ്ക്കൂൾ എന്നായിരുന്നു ആദ്യപേര്. പിന്നീട് യു.പി. സ്ക്കൂളായി ഉയർത്തിയപ്പോൾ ജ്ഞാനപ്രകാശിനി യു.പി.സ്ക്കൂൾ എന്നായിരുന്നു പേര്.

സ്വാതന്ത്ര്യസമരത്തിന്റെ കൊടുങ്കാറ്റ് രാജ്യത്തെങ്ങും പടർന്നുപിടിച്ച കാലഘട്ടത്തിൽ ചർക്ക നെയ്ത്തിനും നിസ്സഹകരണ പ്രസ്ഥാനത്തിനുമൊക്കെ ഈറ്റില്ലമായ ഈ വിദ്യാലയം കേച്ചേരിയിലും പരിസരപ്രദേശങ്ങളിലും സാമൂഹ്യരാഷ്ട്രീയ വിദ്യാഭ്യാസ മണ്ഡലങ്ങളിൽ ഉണ്ടാക്കിയ മുന്നേറ്റം വളരെ വലുതാണ്. ഒരു തരത്തിൽ ജ്ഞാനപ്രകാശിനിയും ഗ്രാമീണ വായനശാലയും തോമസ് മാസ്റ്ററും ഈ പ്രദേശത്തെ സാമൂഹ്യപരിഷ്ക്കാരങ്ങളുടെ നാഴികക്കല്ലുകളാണ്.

ഇപ്പോൾ ഈ വിദ്യാലയത്തിൽ 337 കുട്ടികളും 16 അധ്യാപകരും ജോലി ചെയ്യുന്നു. പഠന പ്രവർത്തനങ്ങളിലും പാഠ്യേതര പ്രർത്തനങ്ങളിലും ഈ വിദ്യാലയം ഇന്നും മുൻപന്തിയിൽ നിൽക്കുന്നുണ്ട്.

ആരംഭകാലം മുതൽ ഈ വിദ്യാലയം ഇന്നാട്ടിലെ കുട്ടികളുടെ പഠനകാര്യങ്ങളിലെന്നപോലെ കലാ-കായിക-സാംസ്കാരിക രംഗങ്ങളിലും ഒരു മാർഗ്ഗദീപമായി പ്രകാശിച്ചിട്ടുണ്ട്. അത് ഇന്നും നിലനിർത്തി വരുന്നു. ലൈബ്രറിയിൽ നിന്ന് കുട്ടികൾക്ക് ഇഷ്ടപ്പെട്ട പുസ്തകം തിരഞ്ഞെടുക്കാനുള്ള സൗകര്യം ഗ്രാമീണ വായനശാലയുടെ ബാലവേദി മുഖേന പുസ്തകം ലഭ്യമാക്കൽ, സാമാന്യം ഭേദപ്പെട്ട ഗണി-ശാസ്ത്ര-ലബോറട്ടറി, വിദ്യാർത്ഥികളുടെ യാത്രാസൗകര്യത്തിനായി സ്ക്കൂൾ ബസ്സ്, കഴിഞ്ഞ പതിനാറുവർഷമായി നല്ല നിലയിൽ പ്രവർത്തിച്ചു വരുന്ന കമ്പ്യൂട്ടർ ലാബ്, എല്ലാ ക്ലാസ്സുകളിലേക്കും പത്രവിതരണം, കുട്ടികൾക്ക് പഠനോപകരണങ്ങൾ ലഭ്യമാക്കാൻ സ്റ്റുഡന്റ്സ്

കോർണർ,  പ്രതിഭകളായ കുട്ടികൾക്കായി വിജ്ഞാനക്ലബ്, പിന്നോക്കം നിൽക്കുന്ന വർക്ക് മധുരം ദീപ്തി പദ്ധതി, കുട്ടികൾ തന്നെ പരിപാലിക്കുന്ന ഔഷധത്തോട്ടം, പച്ച ക്കറിത്തോട്ടം തുടങ്ങി നിരവധി പരിപാടികൾ വിദ്യാലയം ആസൂത്രണം ചെയ്ത് നട പ്പിലാക്കി വരുന്നു. ശാസ്ത്ര-പ്രവർത്തിപരിചയം, കായികം, കലാസാംസ്കാരിക പരി പാടികൾ എന്നിവയിലെല്ലാം ജ്ഞാനപ്രകാശിനി സ്ക്കൂൾ മികച്ച നിലവാരം പുലർത്തുന്നു. രക്ഷിതാക്കളുടെ നിരന്തരമായ ആവശ്യം പരിഗണിച്ച് 5, 6, 7 ക്ലാസ്സുക ളിൽ ഇപ്പോൾ ഇംഗ്ലീഷ് മീഡിയം ബാച്ചുകളും പ്രവർത്തിക്കുന്നുണ്ട്.

# ആസൂത്രണം

ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുകയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ പ്രധാനമായ ലക്ഷ്യം. ഇതിന്റെ ഭാഗമായി ഓരോ കുട്ടിയുടേയും അറിവും കഴിവും പ്രായഘട്ടത്തിനനുസരിച്ച് ഏറ്റവും ഉയർന്ന തലത്തിലേക്ക് എത്തിക്കേണ്ടതുണ്ട്. ഈ അക്കാദമിക ആസൂത്രണത്തിന്റെ ഭാഗമായി മാത്രമേ കുട്ടികളുടെ പൊതുവായതും ഓരോ കുട്ടിയുടെ സവിശേഷമായതുമായ കഴിവും പരിമിതിയും തിരിച്ചറിഞ്ഞ് മുഴുവൻ കുട്ടികൾക്കും പഠനമുന്നേറ്റത്തിന് തുല്യമായ അവസരങ്ങൾ ഒരുക്കാനായി കഴിയൂ. ഇതിന്റെയൊക്കെ പശ്ചാത്തലത്തിൽ സ്കൂളിലെ അധ്യാപകർ, പി.ടി.എ., എം.പി.ടി.എ, ഒ.എസ്.എ., എസ്.എസ്.ജി. എന്നിവരെല്ലാം ചേർന്ന് ഈ സ്ഥാപനത്തിലെ മുഴുവൻ കുട്ടികളുടേയും അക്കാദമിക് വളർച്ചയ്ക്ക് അനുയോജ്യമായ (ഹ്രസ്വകാലം, മധ്യമകാലം, ദീർഘകാലം) എന്നിങ്ങനെ അടിസ്ഥാനമാക്കിയിട്ടുള്ള പ്രവർത്തനങ്ങളാണ് സജ്ജമാക്കിയിരിക്കുന്നത്.

# ലക്ഷ്യങ്ങൾ

- ഓരോ ക്ലാസുകളിലും ഓരോ വിഷയങ്ങളുമായി ബന്ധപ്പെട്ട് നേടേണ്ട മുഴുവൻ ശേഷികളും കുട്ടിക്ക് ലഭ്യമായെന്ന് ഉറപ്പാക്കുക.
- ഓരോ കുട്ടിയിലുമുള്ള കഴിവുകൾ കണ്ടെത്തുകയും അത് പരിപോഷിപ്പിക്കാനാവശ്യമായ അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക.
- കുട്ടിക്ക് മികവാർന്ന പഠനാന്തരീക്ഷവും ഭൗതിക സാഹചര്യങ്ങളും ഒരുക്കിക്കൊടുക്കുക.
- ഐ.സി.ടി. അധിഷ്ഠിത പഠനത്തിനാവശ്യമായ ഭൗതിക സൗകര്യങ്ങളും അക്കാദമിക തയ്യാറെടുപ്പുകളും ഉറപ്പാക്കും.
- മുഴുവൻ ക്ലാസുകളിലും ഐ.സി.ടി. സാധ്യത ഉറപ്പുവരുത്തുക.
- പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾക്കാവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുക.
- ഗവേഷണാത്മക അധ്യാപനത്തിനും ഗവേഷണാത്മക പഠനത്തിനും അവസരമൊരുക്കുക.
- പഠനപിന്നോക്കാവസ്ഥ നേരിടുന്നവരെ കണ്ടെത്തി അവർക്കാവശ്യമായ ക്ലാസുകളും പഠനതന്ത്രങ്ങളും ആവിഷ്കരിക്കുക.
- വിദ്യാലയം തന്നെ പാഠപുസ്തകം എന്ന രീതിയിലേക്ക് വിദ്യാലയത്തിന്റെ ഭൗതികാന്തരീക്ഷം മാറ്റിയെടുക്കുക.
- മുഴുവൻ കുട്ടികൾക്കും ശാസ്ത്രപഠനത്തിലെ എല്ലാ നൈപുണികളും സ്വായത്തമാക്കാൻ ഉതകും വിധം ലാബുകൾ സജ്ജമാക്കുക.
- ലഘു പഠനയാത്രകൾ, പഠനക്യാമ്പുകൾ, ശില്പശാലകൾ, വിദഗ്ധരുടെ ക്ലാസ്സുകൾ, സെമിനാറുകൾ, പ്രൊജക്ടുകൾ തുടങ്ങിയ വൈവിധ്യമാർന്ന പഠനതന്ത്രങ്ങൾ പ്രയോജനപ്പെടുത്തുക.
- പുതിയ തലമുറയിൽ കൃഷിയോടുള്ള താൽപര്യം വളർത്തിയെടുക്കുക.
- ലഹരി വസ്തുക്കളുടെ ഉപയോഗത്തിൽ നിന്ന് കുട്ടികളെ അകറ്റുക, അതിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ച് അവരെ ബോധവാൻമാരാക്കുക.
- പ്ലാസ്റ്റിക് മുക്ത വിദ്യാലയം എന്ന ലക്ഷ്യം സാധ്യമാക്കുക.
- ജൈവവൈവിധ്യ ഉദ്യാനം, ഔഷധ ഉദ്യാനം എന്നിവ സംരക്ഷിക്കുക, കൂടുതൽ മെച്ചപ്പെടുത്തുക.
- പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേകം പരിഗണന നൽകി മുഖ്യധാരയിലെത്തിക്കുക.
- കുട്ടികൾക്കായി ഗൈഡൻസ്, കൗൺസിലിംഗ് സൗകര്യങ്ങൾ ഒരുക്കുക.
- കുട്ടികളിൽ വായനയെ പരിപോഷിപ്പിക്കുന്നതിനായി ലൈബ്രറി ശാക്തീകരണം നടപ്പിലാക്കുക.
- മാലിന്യസംസ്കരണത്തിന് സാധ്യമായ വിവിധ മാർഗ്ഗങ്ങൾ വിദ്യാലയത്തിൽ നടപ്പിലാക്കുക.
- ഉച്ചഭക്ഷണം കൂടുതൽ വൈവിധ്യവും ജനകീയവുമാക്കുക.
- കുട്ടികളിലെ കായികക്ഷമത ഉറപ്പുവരുത്തുന്നതിനാവശ്യമായ രീതിയിൽ കായിക പ്രവർത്തനങ്ങൾ നടപ്പിലാക്കുക.
- ടാലന്റ് ലാബ് എന്ന ആശയം നടപ്പിലാക്കുക.

# ചുമതല വിഭജനം - 2025-26

| ക്രമ നമ്പർ | അധ്യാപകർ | ചുമതലകൾ |
|---|---|---|
| 01 | സ്മിത ടി.പി. | ഹെഡ്മിസ്ട്രസ്സ് |
| 02 | ഷാലി വി.ആളൂർ<br>വിജ്ഞാനോത്സവം | സ്റ്റാഫ് സെക്രട്ടറി, സ്കൂൾ ബസ്, |
| 03 | ഇ.ജെ. അല്ലി | ഗാന്ധിദർശൻ |
| 04. | ജോഷി ഇ.കെ. | വിദ്യാരംഗം, പി.ടി.എ., സ്റ്റഡിടൂർ |
| 05 | ഷീജ ആന്റണി കെ. | ഡിസാസ്റ്റർ മാനേജ്മെന്റ്,<br>ഇംഗ്ലീഷ് ക്ലബ് |
| 06 | ടി.ജെ. ജെയ്സി | വർക്ക് എക്സ്പീരയൻസ്,<br>ഉച്ചഭക്ഷണം, സാമൂഹ്യശാസ്ത്ര ക്ലബ് |
| 07 | ബ്ലെസി പോൾ | സ്കോളർഷിപ്പ്, ടെക്സ്റ്റ് ബുക്ക് |
| 08 | കൃഷ്ണേന്ദു എം.പി. | അക്കാദമിക് മാസ്റ്റർ പ്ലാൻ, കാർഷിക ക്ലബ്, ബാൻഡ്സെറ്റ്, POCSO |
| 9 | മനീഷ് ഇ.ബി. | സീഡ്, സംസ്കൃതം ക്ലബ്, ആരോഗ്യ ശുചിത്വ ക്ലബ് |
| 10 | സലോമി കെ.ഐ. | പരിസ്ഥിതി ക്ലബ്, ആരോഗ്യ ശുചിത്വ ക്ലബ് |
| 11 | ഷാനി വി.എം. | SRG, ലൈബ്രറി |
| 12 | ബ്രിജിറ്റ് രാജു ടി | PSITC, ആരോഗ്യ ക്ലബ്, അസംബ്ലി |
| 13. | നിഷ എം.എം. | സ്കോളർഷിപ്പ്, കലോത്സവം |

| Number of the Group | Name of the Teacher | Months of Programmes |
|---|---|---|
| 1 | Shaly V Aloor<br>Nisha M M<br>Salomi K I | June, November |
| 2 | Ally E J<br>Blessy Paul<br>Rinet K. Sherry | July, December |
| 3 | E K Joshy<br>Brijit Raju T<br>Shani V M | August, January |
| 4 | Sheeja Antony K<br>Krishnendhu M P | September, February |
| 5 | T J Jaisy<br>Mariya Daison<br>E B Manish | October, March |

## നിലവിലുള്ള ഭൗതിക സാഹചര്യങ്ങൾ

| വിഭാഗം | നിലവിലുള്ളത് | ഇനി ആവശ്യമുള്ളത് |
|---|---|---|
| ക്ലാസ് മുറി | 10 | - |
| ആൺകുട്ടികൾക്കുള്ള ടോയ്‌ലറ്റ് | 1 | 1 |
| പെൺകുട്ടികൾക്കുള്ള ടോയ്‌ലറ്റ് | 2 | 2 |
| കിണർ | 1 | - |
| ലൈബ്രറി | 1 | - |
| ചുറ്റുമതിൽ | ഉണ്ട് | - |
| അടുക്കള | 1 | - |
| കമ്പ്യൂട്ടർ ലാബ് | 1 | 1 |
| സ്കൂൾ ബസ് | 2 | - |
| സ്റ്റേജ് | 1 | - |
| ലാപ്ടോപ് | 4 | 6 |
| പ്രൊജെക്ടർ | 2 | 4 - |

## മറ്റു ഐ.സി.ടി സാധ്യതകൾ

| സംവിധാനം | ഉണ്ട് / ഇല്ല |
|---|---|
| വിക്ടർ ചാനൽ | ഇല്ല |
| ഡി.വി.ഡി പ്രെയർ | ഇല്ല |
| ഇന്റർ നെറ്റ് | ഉണ്ട് |
| വെബ്സൈറ്റ് | ഉണ്ട് |
| ബ്ലോഗ് | ഇല്ല |
| ഇ-മെയിൽ ഐ.ഡി | ഉണ്ട് |
| സ്മാർട്ട് ക്ലാസ് റൂം | ഉണ്ട് |

## ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • വിദ്യാർത്ഥികളുടെ മാതൃഭാഷാ (സംസ്കൃതം, അറബിക്, ഉറുദു) എന്നിവയിൽ നിലവാരം ഉയർത്തൽ | • ഓരോ യൂണിറ്റിലേയും സർഗ്ഗാത്മക രചനാ സാധ്യതകൾ ഭാഷാധ്യാപകർ പ്രയോഗിക്കൽ രചനകൾ ചേർത്ത് പതിപ്പാക്കൽ. | ജൂൺ - ആഗസ്റ്റ് | ഭാഷാധ്യാപകർ എസ്.ആർ.ജി. കൺവീനർ പി.ടി.എ. | 150/- പി.ടി.എ. |
| • സർഗ്ഗാത്മക രചനകളിൽ ഏർപ്പെടുവാൻ കുട്ടികൾക്ക് അവസരമൊരുക്കി രചനകൾ പൊതുസമൂഹവുമായി പങ്കുവെക്കൽ | • സർഗവേളകൾ ശക്തിപ്പെടുത്തൽ.<br>രചനകളുടെ അജണ്ട മുൻകൂട്ടി നിശ്ചയിച്ച് പ്രസിദ്ധീകരിക്കൽ.<br>സർഗവേള നടത്തിപ്പു ചുമതല പൂർണ്ണമായും കുട്ടികൾക്ക് നൽകൽ. | മാസത്തിലൊരിക്കൽ | ക്ലാസ് അധ്യാപകർ വിദ്യാരംഗം കൺവീനർ പി.ടി.എ. ഒ.എസ്.എ. എസ്.ആർ.ജി. കൺവീനർ | |
| | • സർഗചുവർ തയ്യാറാക്കുക കുട്ടികളുടെ രചനകൾ പ്രദർശിപ്പിക്കാനുള്ള സ്ഥിരസംവിധാനം (സ്കൂൾ ഓഫീസിന്റെ മുൻവശം) | ജൂലായ് മുതൽ ഡിസംബർ വരെ | എച്ച്.എം. ഭാഷാധ്യാപകർ വിദ്യാരംഗം കൺവീനർ | 1000/- ഒ.എസ്.എ. |
| | • സാഹിത്യകാരന്മാരെ സ്കൂളിലെത്തിക്കൽ | ആഗസ്റ്റ് - നവംബർ | എച്ച്.എം. എസ്.ആർ.ജി. കൺവീനർ | 1000/- പി.ടി.എ. |
| | • രചനാശിൽപശാല (സ്കൂൾതലം)<br>കൈയ്യെഴുത്ത് മാസിക പ്രസിദ്ധീകരിക്കൽ | സെപ്തംബർ മുതൽ നവംബർ അവസാന വാരം | എച്ച്.എം. വിദ്യാരംഗം കൺവീനർ ഒ.എസ്.എ. പി.ടി.എ. | 1000/- പി.ടി.എ. ഒ.എസ്.എ. |
| • ആധുനിക സാങ്കേതികവിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തൽ | • 5, 6, 7 ക്ലാസ്സുകളിലെ പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ICT സാധ്യതകൾ കണ്ടെത്തുന്നു. | ജൂൺ മുതൽ മാർച്ച് | ഭാഷാധ്യാപകർ | |

## വായന പരിപോഷണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • വിദ്യാർത്ഥികളിൽ വായനാശീലം വികസിപ്പിക്കൽ.<br><br>അർത്ഥപൂർണ്ണമായുള്ള വായന<br><br>വിദ്യാർത്ഥികളുടെ നിലവാരം പരിഗണിച്ചുകൊണ്ടുള്ള വായനാസാമഗ്രികളുടെ ശേഖരണം | • 5 മുതൽ 7-ാം ക്ലാസ് വരെയുള്ള ഭാഷാപഠനത്തിന്റെ ഭാഗമായി വായിക്കേണ്ട വായനാസാമഗ്രികൾ ലിസ്റ്റ് ചെയ്യൽ | ജൂൺ 19 മുതൽ | ഭാഷാധ്യാപകർ | |
| | • തയ്യാറാക്കിയ ലിസ്റ്റിനെ ശേഖരിക്കേണ്ടവ, വാങ്ങിക്കേണ്ടവ എന്ന് തരം തിരിക്കൽ | ജൂൺ അവസാനവാരം | അധ്യാപകർ<br>എസ്.ആർ.ജി.<br>വായനശാല | 1000/-<br>വായനശാല<br>ഒ.എസ്.എ. |
| | • സ്കൂൾ ലൈബ്രറിയ്ക്ക് ആവശ്യമായ പുസ്തകങ്ങൾ വാങ്ങൽ | ജൂലായ് ആദ്യവാരം | എച്ച്.എം.<br>എസ്.ആർ.ജി.<br>കൺവീനർ | 2000/-<br>ക്ലബ്ബുകൾ<br>ഒ.എസ്.എ. |
| | • പത്രം വായന, ആഴ്ചപ്പതിപ്പുകൾ/മാസികകൾ വായനയും വിശകലനവും ക്ലാസ്സുകളിൽ | എല്ലാ ദിവസവും അസംബ്ലിയിൽ | അധ്യാപകർ | പത്രം സ്പോൺസർ ചെയ്യിക്കുക |
| | • ക്ലാസ്സിലെ വായനാമൂലയിൽ ബാലസാഹിത്യമാസികകൾ (തളിര്, യൂറീക്ക) എത്തിക്കുക. | ജൂൺ മുതൽ മാർച്ച് വരെ | എച്ച്.എം.<br>ഒ.എസ്.എ.<br>പി.ടി.എ. | 500/- |
| | • ഭാഷോൽസവം (എല്ലാ ഭാഷകളും) സ്കൂൾ തലത്തിൽ | | | |
| | | | | |
| | | | | |

## മധുരം ദീപ്തം (മലയാളം)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • എല്ലാ വിദ്യാർത്ഥികൾക്കും മലയാളഭാഷ തെറ്റുകൂടാതെ എഴുതാനുള്ള ശേഷി വികസിപ്പിക്കൽ. | • പഠനനിലവാരം കണ്ടെത്തൽ പ്രീടെസ്റ്റ് നടത്തി വിശകലനം ചെയ്ത് മികവുകളും പരിമിതികളും കണ്ടെത്തുന്നു. | ജൂൺ മൂന്നാം വാരം | എസ്.ആർ.ജി. കൺവീനർ, ക്ലാസ് അധ്യാപകർ | 100/- പി.ടി.എ. |
| | • പരിമിതികൾ പരിഹരിക്കുന്നതിനാവശ്യമായ മൊഡ്യൂൾ തയ്യാറാക്കൽ | ജൂൺ അവസാനം | എച്ച്.എം. എസ്.ആർ.ജി. അധ്യാപകർ | 100/- പി.ടി.എ. |
| | • മൊഡ്യൂൾ പ്രകാരമുള്ള പ്രവർത്തനങ്ങൾ എല്ലാ ക്ലാസ്സിലും ആരംഭിക്കുന്നു. | ജൂലായ് മുതൽ ഡിസംബർ വരെ | ക്ലാസ് അധ്യാപകർ | |
| | • മൂല്യനിർണ്ണയം നടത്തുന്നു. (ക്ലാസടിസ്ഥാനത്തിൽ) | സെപ്തംബർ മൂന്നാം വാരം | ക്ലാസ് അധ്യാപകർ | 150/- പി.ടി.എ. |
| | • ഓരോ ക്ലാസ്സിലും താഴ്ന്ന ഗ്രേഡ് കരസ്ഥമാക്കിയവർക്ക് പ്രത്യേക പരിഹാരബോധനക്ലാസുകൾ നടത്തുന്നു. | ഒക്ടോബർ മുതൽ ഡിസംബർ വരെ | അധ്യാപകർ | |
| | • കൈയ്യെഴുത്ത് മത്സരം (പ്രതിഭകൾക്ക് സമ്മാനം കൊടുക്കൽ) | ഡിസംബർ ആദ്യവാരം | വിദ്യാരംഗം കൺവീനർ എസ്.ആർ.ജി. കൺവീനർ | 250/- ഒ.എസ്.എ. |
| | | | | |

## ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • എല്ലാ വിദ്യാർത്ഥികൾക്കും ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ | • പഠനനിലവാരം കണ്ടെത്തൽ പ്രീടെസ്റ്റ് നടത്തി വിശകലനം ചെയ്ത് മികവുകളും പരിമിതികളും കണ്ടെത്തുന്നു. | ജൂൺ മൂന്നാം വാരം | എസ്.ആർ.ജി. കൺവീനർ, ഇംഗ്ലീഷ് അധ്യാപകർ | 100/- പി.ടി.എ. |
| | • പരിമിതികൾ പരിഹരിക്കുന്നതിനാവശ്യമായ മൊഡ്യൂൾ തയ്യാറാക്കൽ ശേഖരിക്കൽ | ജൂൺ അവസാന വാരം | എച്ച്.എം. എസ്.ആർ.ജി. കൺവീനർ | 250/- പി.ടി.എ. |
| | • ഇംഗ്ലീഷിലുള്ള അസംബ്ലി | ആഴ്ചയിൽ ഒരു ദിവസം | അധ്യാപകർ ഇംഗ്ലീഷ് | |
| | • ഐ.ടി.യുടെ സഹായത്തോടെ ഇംഗ്ലീഷിലുള്ള ഷോർട്ട് ഫിലിം കാണിച്ച് വിലയിരുത്തുന്നു | മാസത്തിലൊരിക്കൽ | എസ്.ആർജി. അധ്യാപകർ (ഇംഗ്ലീഷ്) | |
| | • ഇംഗ്ലീഷ് ക്ലാസ് ലൈബ്രറി, വായന സാമഗ്രികൾ, ലഘുവായനാ പുസ്തകം, പത്രം | ജൂൺ മുതൽ മാർച്ച് വരെ | എച്ച്.എം. ഇംഗ്ലീഷ് അധ്യാപകർ എസ്.എസ്.എ. പഞ്ചായത്ത് | 2000/- ക്ലബ്ബുകൾ വായനശാല പഞ്ചായത്ത് |
| In sufficient Vocabulary | • Word games<br>• Word study using computers<br>• Spelling Contest<br>• Dictionary making | June to March | HM & English Teachers | |

## ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • എല്ലാ വിദ്യാർത്ഥി കൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാ രിക്കാനുമുള്ള ശേഷി വികസിപ്പി ക്കൽ | • പഠനനിലവാരം കണ്ടെത്തൽ പ്രീടെസ്റ്റ് നടത്തി വിശകലനം ചെയ്ത് മികവുകളും പരിമിതി കളും കണ്ടെത്തുന്നു. | ജൂൺ അവസാന വാരം | എസ്.ആർ.ജി. കൺവീനർ, ഹിന്ദി അധ്യാപകർ | 100/- പി.ടി.എ. |
| | • പരിമിതികൾ പരിഹരിക്കുന്നതി നാവശ്യമായ മൊഡ്യൂൾ തയ്യാറാ ക്കൽ, ശേഖരിക്കൽ | ജൂലായ് ആദ്യവാരം | എസ്.ആർ.ജി. കൺവീനർ ഹിന്ദി അധ്യാപ കർ | 250/- പി.ടി.എ. |
| | • ഹിന്ദിയിലുള്ള അസംബ്ലി | ആഴ്ചയിൽ ഒരു ദിവസം | ഹിന്ദി അധ്യാപകർ | |
| | • ഐ.ടി.യുടെ സഹായത്തോടെ ഹിന്ദി, കവിത, കഥ എന്നിവ കാണിച്ച് വിലയിരുത്തുന്നു. | മാസത്തി ലൊരിക്കൽ | എച്ച്.എം. എസ്.എസ്.എ. പഞ്ചായത്ത് | 5000/- ഒ.എസ്.എ. പഞ്ചായത്ത് |
| | • ഹിന്ദി ക്ലാസുകൾ, ലൈബ്രറി, വായന സാമഗ്രികൾ, ലഘുവാ യനാ പുസ്തകം, പത്രം | ജൂൺ മുതൽ മാർച്ച് വരെ | | |
| | ✶ വായനാകാർഡ് നിർമ്മാണം<br>✶ ഹിന്ദി ദിനാചരണങ്ങൾ<br>✶ ഹിന്ദി വാർത്ത വായന<br>✶ സുഗമ ഹിന്ദി പരീക്ഷ | ജൂൺ മുതൽ മാർച്ച് വരെ | എച്ച്.എം. & ഹിന്ദി ടീച്ചേഴ്സ് | 3000/- |

## ശാസ്ത്രാഭിരുചി കൈവരിക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • 5 മുതൽ 7 വരെ ക്ലാസ്സുകളിലെ ശാസ്പ്രപഠന പ്രവർത്തനങ്ങൾ ഫലപ്രദമായി ചെയ്യുന്നതിന്<br><br>പഠന നേട്ടം ഉറപ്പാക്കുന്നതിന് എല്ലാ ക്ലാസ്സുക ളിലും ശാസ്ത്രമൂല ഉറപ്പാക്കൽ | • 5 മുതൽ 7 വരെ പഠനത്തിന് സഹായകമായ ശാസ്ത്രമൂല യിൽ ഉണ്ടായിരിക്കേണ്ട വസ്തു ക്കളുടെ ലിസ്റ്റ് തയ്യാറാക്കൽ | ജൂൺ മൂന്നാം വാരം | എസ്.ആർ.ജി. കൺവീനർ, ശാസ്ത്ര അധ്യാപകർ | |
| | • തയ്യാറാക്കിയ ലിസ്റ്റിനെ ശേഖരി ക്കേണ്ടവ, വാങ്ങിക്കേണ്ടവ, നിർമ്മിക്കേണ്ടവ, ക്ലാസ്സിൽ സൂക്ഷിക്കേണ്ടവ എന്ന് തരംതി രിക്കൽ, ശാസ്ത്രമൂലയിൽ ഉൾപ്പെടുത്തേണ്ട പുസ്തക ങ്ങൾ ക്ലാസ്സിൽ നടത്തേണ്ട പരീ ക്ഷണങ്ങൾ എന്നിവ ഉൾപ്പെ ടുത്തി പ്രിന്റ് എടുക്കുക. | ജൂലായ് ഒന്നുമുതൽ | എസ്.ആർ.ജി. കൺവീനർ ശാസ്ത്ര അധ്യാപകർ | 50/- പി.ടി.എ. |
| | • സാമഗ്രികൾ വാങ്ങൽ ശാസ്ത്ര മേള (സ്കൂൾ അടിസ്ഥാന ത്തിൽ) | ജൂലായ് മൂന്നാം വാരം | എച്ച്.എം. എസ്.ആർ.ജി. കൺവീനർ | 2000/- പഞ്ചായത്ത് ഒ.എസ്.എ. |
| | • ശാസ്ത്രമൂല ക്രമീകരിക്കൽ, ആവശ്യമായ ക്രമീകരണം, സാധനങ്ങൾ സൂക്ഷിക്കാൻ ചെറിയ അലമാര, ശാസ്ത്രസാ ഹിത്യപുസ്തകങ്ങൾ | ജൂലായ് മുതൽ മാർച്ച് വരെ | എച്ച്.എം. പി.ടി.എ. ഒ.എസ്.എ. | 1000/- ക്ലബ്ബുകൾ ശാസ്ത്രസാഹി ത്യപരിഷത്ത് ഒ.എസ്.എ. |
| | • പരീക്ഷണ സാമഗ്രികളുടെ നിർമ്മാണ ശില്പശാല, ശാസ്ത്ര വിദഗ്ധരുടെ ക്ലാസ് | നവംബർ അവസാനം | എച്ച്.എം. എസ്.ആർ.ജി. കൺവീനർ | 5000/- പഞ്ചായത്ത് പി.ടി.എ. |
| | ✶ ഡിജിറ്റൽ ക്ലാസ്സുകൾ<br>✶ ICT വിഭാഗങ്ങൾ തയ്യാറാക്കൽ<br>✶ ശാസ്ത്ര ലൈബ്രറി<br>✶ പരീക്ഷണ കളരികൾ | ജൂൺ മുതൽ മാർച്ച് വരെ | എച്ച്.എം. & സയൻസ് ടീച്ചേഴ്സ് | 5000/- |

## ഗണിതശേഷി കൈവരിക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • എല്ലാ വിദ്യാർത്ഥിക ളിലും ഗണിതക്രി യാശേഷി വികസി പ്പിക്കൽ | • പഠനനിലവാരം കണ്ടെത്തൽ, പ്രീടെസ്റ്റ് നടത്തി വിശകലനം ചെയ്യുക. | ജൂൺ അവസാന വാരം | എസ്.ആർ.ജി. കൺവീനർ, ഗണിത അധ്യാപകർ | |
| | • പരിമിതികൾ പരിഹരിക്കുന്ന തിന് ആവശ്യമായ മൊഡ്യൂൾ തയ്യാറാക്കൽ | ജൂൺ അവസാന വാരം | എച്ച്.എം. ഗണിത അധ്യാപകർ | 250/- പി.ടി.എ. |
| | • ഗണിത ക്വിസ് | ജൂലായ് | | |
| | • ക്ലാസ്സിൽ ഗണിത കിറ്റ് ഗണിത മൂല തയ്യാറാക്കൽ. | ജൂലായ് മുതൽ | എച്ച്.എം. ഗണിത കൺവീനർ | 1000/- ഒ.എസ്.എ. പി.ടി.എ. |
| | • ഗണിത യാത്ര | | | |
| | • ഗണിതക്വിസ്സ്, പതിപ്പുകൾ, മാഗ സിൻ എന്നിവ തയ്യാറാക്കൽ | ആഗസ്റ്റ് മുതൽ നവംബർ വരെ | ഗണിത ക്ലബ് കൺവീനർ, അധ്യാപകർ | 500/- പി.ടി.എ. ഒ.എസ്.എ. |
| | • ഗണിത പുസ്തകങ്ങൾ ശേഖരി ക്കൽ<br>• ഗണിത ക്ലബ്ബ് ശാക്തീകരണം | | | |
| | • ഗണിത ക്ലിനിക്<br>• ഗണിത മാഗസിൻ ചുമർ പത്രികകൾ<br>• ഗണിത ശാസ്ത്രമേള | ജൂൺ മുതൽ മാർച്ച് വരെ | എച്ച്.എം.& ഗണിത അധ്യാപകർ | 2000/- |

## കലാകായിക പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • വിദ്യാർത്ഥികളുടെ അടിസ്ഥാന നൈപുണികൾ മന സ്സിലാക്കാനും സ്വന്തം കായികക്ഷ മത തിരിച്ചറിയാനും മെച്ചപ്പെടുത്താനും നിലനിർത്താനു മുള്ള ശേഷി വിക സിപ്പിക്കൽ | • കായികമത്സരങ്ങൾ നടത്തി മുകവുള്ള കുട്ടികളെ കണ്ടെ ത്തുന്നു. | ആഗസ്റ്റ് ആദ്യവാരം | കായിക അധ്യാപകൻ പി.ടി.എ. | |
| | • വിദ്യാർത്ഥികളുടെ കായികപരി ശീലനം ശാസ്ത്രീയമായി ഗ്രൗണ്ടിൽ | ആഗസ്റ്റ് മുതൽ നവംബർ വരെയുള്ള ശനിയാഴ്ച | പി.ടി.എ. ഒ.എസ്.എ. അധ്യാപകർ | 5000/- ഒ.എസ്.എ. പി.ടി.എ. |
| വിദ്യാർത്ഥികളുടെ കലാപരമായ വാസ നകളെ കണ്ടെത്തു കയും അവയെ പരിപോഷിപ്പിക്കു കയും ചെയ്യൽ. | • സീസണൽ രോഗങ്ങളെക്കുറിച്ച് ബോധവത്ക്കരണം | | | |
| | • കായികോത്സവം സ്കൂൾതലം, പഞ്ചായത്ത്തലം കായികപരി ശീലനഉപകരണങ്ങൾ ലഭ്യമാ ക്കൽ | ഒക്ടോബർ അവസാന വാരം | എച്ച്.എം. എസ്.ആർ.ജി. കൺവീനർ | 2000/- പഞ്ചായത്ത് പി.ടി.എ. ഒ.എസ്.എ. |
| | • നൃത്തം, സംഗീതം, ചിത്രരചന എന്നിവയിൽ അഭിരുചിയുള്ള വരെ കണ്ടെത്തി അവർക്ക് പരിശീലനം നൽകുന്നു. | ആഗസ്റ്റ് മുതൽ നവംബർ വരെയുള്ള ശനിയാഴ്ച കളിൽ | അധ്യാപകർ പി.ടി.എ. ഒ.എസ്.എ. | 1000/- പി.ടി.എ. ഒ.എസ്.എ. |
| | • കുട്ടികൾക്ക് പരിശീലനത്തിന് ആവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കുക<br>• സി. ഡി. പ്രദർശനം<br>• പ്രഥമ ശുശ്രൂഷ കിറ്റ് സൗകര്യം ഒരുക്കൽ | ജൂൺ മുതൽ മാർച്ച് വരെ | എച്ച്. എം. കായിക അധ്യാപകർ ഒ.എസ്.എ. പി.ടി.എ. | 3000/- |

# 2025-26 അധ്യയന വർഷത്തിലെ ആസൂത്രിത പ്രവർത്തനങ്ങൾ

## ജൂൺ-2. പ്രവേശനോത്സവം

ജ്ഞാനപ്രകാശിനി യു.പി.സ്കൂൾ, കേച്ചേരി, 2024-25 അധ്യയനവർഷാരംഭം ജൂൺ 3 ന് സ്കൂളിൽ വെച്ച് പ്രവോശന പരിപാടികളോടെ നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. കുട്ടികൾക്ക് വേണ്ടി വിവിധ കലാപരിപാടികൾ തയ്യാറാക്കുന്നതോടൊപ്പം സ്കൂൾ ബാൻഡ് ടീമിന്റെ സഹായത്തോടെയും വിശിഷ്ടാതിഥികളുടെ സാന്നിധ്യത്തിലുമാണ് ഉദ്ഘാടന ചടങ്ങുകൾ നടത്തുവാൻ തീരുമാനിച്ചിരിക്കുന്നത്. ചൂണ്ടൽ ഗ്രാമപഞ്ചായത്ത് നാലാം വാർഡ് മെമ്പർ കുമാരി വി.പി.ലീല ഉൾപ്പെടെ തദ്ദേശസ്വയംഭരണ സ്ഥാപന പ്രതിനിധികളെയും പി.ടി.എ. എക്സിക്യൂട്ടീവ് മെമ്പേഴ്സ് ഉൾപ്പെടെ എല്ലാ രക്ഷിതാക്കളെയും ഉൾപ്പെടുത്തികൊണ്ട് ആരംഭിക്കുന്ന ഉദ്ഘാടന ചടങ്ങ് പായസ വിതരണത്തോടെ അവസാനിപ്പിക്കുന്നതാണ്. പ്രവേശനോത്സവത്തെ വരവേൽക്കാനായി സ്കൂളും പരിസരവും അലങ്കരിച്ച് തയ്യാറാക്കുകയും എല്ലാ 'പുതിയ കുട്ടികൾക്കും' നോട്ട്പുസ്തകവും പേനയും വിതരണം ചെയ്യാനുള്ള ഏർപ്പാടുകൾ ചെയ്യുകയും ഉണ്ടായി.

## ജൂൺ-4. സ്കൂൾ അസംബ്ലി

2024-25 അധ്യയന വർഷത്തെ ആദ്യ സ്കൂൾ അസംബ്ലി ജൂൺ 4 ന് നടത്തും. 5, 6, 7 സ്കൂളിലെ മുഴുവൻ കുട്ടികളെയും പങ്കെടുപ്പിച്ചുകൊണ്ട് സ്കൂൾ ഗ്രൗണ്ടിൽ നടക്കുന്ന അസംബ്ലിക്ക് സ്കൂൾ ലീഡർ നേതൃത്വം നൽകുന്നതാണ്. ജൂൺ 3 ന് തന്നെ കുട്ടികൾക്ക് പ്രത്യേക ട്രെയിനിംഗ് കൊടുക്കുന്നതാണ്. കുട്ടികൾക്ക് സ്കൂളിൽ പൊതുവായ നിർദ്ദേശങ്ങൾ കൊടുക്കുന്നതിനും അച്ചടക്കം, സമയം മുതലായ കാര്യങ്ങളിൽ ധാരണ നൽകുവാനുമാണിത്.

## ജൂൺ-5. പരിസ്ഥിതിദിനം

ജൂൺ 5 പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് സ്കൂൾ സയൻസ് ക്ലബ്ബിന്റെ നേതൃത്വത്തിൽ പ്രകൃതി സംരക്ഷണത്തെ വിഷയമാക്കി പോസ്റ്റർ നിർമ്മാണം, പരിസ്ഥിതി ഗാനം, പരിസ്ഥിതി ദിന ക്വിസ് തുടങ്ങിയ പരിപാടികൾ നടത്തി വിജയികളെ തെരെഞ്ഞെടുക്കുവാനും അവരെ സ്കൂൾ അസംബ്ലിയിൽ ആദരിക്കുവാനുമുള്ള പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ട്.

## ജൂൺ-13. പി.ടി.എ. ജനറൽബോഡി മീറ്റിംഗ്

## ജൂൺ-19-22. വായനാവാരാഘോഷം

ജൂൺ 19ന് ആരംഭിക്കുന്ന വായനാവാരാഘോഷത്തിൽ ആദ്യം വായനാദിന പ്രതിജ്ഞ ഉൾപ്പെടുത്തുന്നതാണ്. ക്ലാസ് അടിസ്ഥാനത്തിൽ മികച്ച വായനക്കാരെയും മികച്ച കയ്യക്ഷരമുള്ളവരെയും കണ്ടെത്തി സ്കൂൾ തല മത്സരത്തിൽ പങ്കെടുപ്പിക്കുകയും അമ്മവായന, വായനാദിന ക്വിസ്, പി. എൻ. പണിക്കരെപ്പറ്റിയുള്ള വീഡിയോ പ്രദർശനം എന്നിവയും ആസൂത്രണം ചെയ്തിട്ടുണ്ട്. 19-ാം തിയ്യതി മുതൽ 22-ാം തിയ്യതി വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ സ്കൂൾ അസംബ്ലിയിൽ തെരഞ്ഞെടുക്കപ്പെട്ട കുട്ടികൾ ഓരോ പുതിയ പിസ്തകങ്ങളെക്കുറിച്ചുള്ള വായനാക്കുറിപ്പുകളും അവതരിപ്പിക്കും.

## ജൂൺ-21. യോഗാദിനം

യോഗാദിന ക്വിസ്, പ്രസംഗ മത്സരം എന്നിവ കൂടാതെ ക്ലാസ് ടീച്ചർമാരുടെ നേതൃത്വത്തിൽ ചെറിയ യോഗാ പരിശീലന സെക്ഷനും ആസൂത്രണം ചെയ്തിട്ടുണ്ട്.

**ജൂൺ–26. ലഹരി വിരുദ്ധദിനം**

ലഹരി വിരുദ്ധ പോസ്റ്റർ നിർമ്മാണ മത്സരം, ലഹരി വിരുദ്ധ ബാഡ്ജ് നിർമ്മാണം, ലഹരി വിരുദ്ധ ജാഥ എന്നിവ കൂടാതെ അധ്യാപകർക്കും വിദ്യാർത്ഥികൾക്കുമായി ലഹരി വിരുദ്ധ ബാനർ Palm hashtag ക്യാമ്പയിനിങ്ങും ഉണ്ടായിരിക്കുന്നതാണ്.

**ഈദ് ദിനാഘോഷം**

അറബിക് ക്ലബിന്റെ നേതൃത്വത്തിൽ ഈദ് ദിനാഘോഷങ്ങളോടനുബന്ധിച്ച് മൈലാഞ്ചിയിടൽ മത്സരം സംഘടിപ്പിക്കുന്നതാണ്.

**ജൂലായ്–4. ബഷീർദിനാചരണം**

മലായളം മാസ്റ്റർ ശ്രീ. ഇ.കെ. ജോഷി, ബഷീർദിനത്തെക്കുറിച്ച് കുട്ടികൾക്കായി ചെറു അവതരണം നടത്തുന്നതാണ്. 'പാത്തുമ്മയുടെ ആട്' വിശ്വവിഖ്യാതമായ മൂക്ക്, ന്റുപ്പൂപ്പാക്കൊരാനേണ്ടാർന്നു' എന്നീ ബഷീർ കൃതികൾ യഥാക്രമം 7, 6, 5 ക്ലാസ്സുകളിലെ കുട്ടികൾക്കായി ആസ്വാദനക്കുറിപ്പ് മത്സരം സംഘടിപ്പിക്കുകയും വൈക്കം മുഹമ്മദ് ബഷീറിനെക്കുറിച്ചുള്ള ഡോക്യുമെന്ററിയും ഒപ്പം വിദ്യാർത്ഥികൾ തയ്യാറാക്കുന്ന ചാർട്ടുകളുടെ പ്രദർശനവും സംഘടിപ്പിക്കുന്നതാണ്.

**ജൂലായ്–8. ആരോഗ്യ, ശുചിത്വ ക്ലബ് ഉദ്ഘാടനം,**

**പരിസ്ഥിതി ക്ലബ് ഉദ്ഘാടനം**

**ജൂലായ് 18. ക്ലാസ് പി.ടി.എ. മീറ്റിംഗ്**

**ജൂലായ്–21. ചാന്ദ്രദിനം** : ഗാന്ധി ദർശൻ ക്ലബ് (22ന്) പരിപാടി നടത്തണം.

ചാന്ദ്രദിനത്തോടനുബന്ധിച്ച് ഓരോ ക്ലാസ്സിലും രണ്ട് കുട്ടികൾ വീതമുള്ള ടീമുകളായി റോക്കറ്റ് നിർമ്മാണ മത്സരം, സയൻസ് ക്ലബ് ഉദ്ഘാടനം, ചാന്ദ്രദിന കൊളാഷ് പ്രദർശനം, മലയാളം ക്ലബ്, വിദ്യാരംഗം ഉദ്ഘാടനം.

**ജൂലായ്–23. USS പരിശീലനം ആരംഭം**

**ജൂലായ് 28. ലോക കണ്ടൽദിനാചരണം**

കണ്ടൽ ചെടികളുടെ പ്രാധാന്യം വ്യക്തമാക്കുന്ന ക്ലാസ്, വീഡിയോ പ്രദർശനം.

**ജൂലായ്–28. സ്കൂൾ കലാമേള**

**ആഗസ്റ്റ്–6. നാഗസാക്കിദിനം – യുദ്ധവിരുദ്ധദിനമായി ആചരിക്കൽ**

**ആഗസ്റ്റ്–14. ദേശീയ പതാക നിർമ്മാണ മത്സരം.**

**ആഗസ്റ്റ്–15. സ്വാതന്ത്ര്യദിനം**

പതാക ഉയർത്തൽ, സ്വാന്ത്ര്യദിന സന്ദേശം, സ്വാതന്ത്ര്യദിന റാലി, പായസ വിതരണം, കലാപരിപാടികൾ.

**ചിങ്ങം–1 (ആഗസ്റ്റ്–18)**

കുട്ടികർഷകരെ ആദരിക്കൽ, നാടൻപാട്ട്, കലാപരിപാടികൾ

**സെപ്തംബർ–2. ഫ്രൂട്ട്സ് ഡേ ആഘോഷം**

**സെപ്തംബർ-3. അധ്യാപകദിനാചരണം**

അധ്യാപകർക്ക് വിദ്യാർത്ഥികൾ തന്നെ തയ്യാറാക്കിയ പുഷ്പോപഹാരം നൽകൽ, ക്ലാസ് ടീച്ചേഴ്സിന് കത്തെഴുതൽ.

**സെപ്തംബർ - 3. ഓണാഘോഷം**

പൂക്കളമത്സരം, ചാക്കിൽ ചാട്ടമത്സരം, കുപ്പിയിൽ വെള്ളംനിറക്കൽ, സൂചിയും നൂലും കോർക്കൽ, വടം വലി, രക്ഷിതാക്കൾക്കുള്ള മത്സരങ്ങൾ, സദ്യ, മെഗാ തിരുവാതിര.

**സെപ്തംബർ-16. ഓസോൺ ദിനാചരണം**

ഓസോൺദിന സന്ദേശം, പ്രതിജ്ഞ, പോസ്റ്റർ പ്രദർശനം, വീഡിയോ പ്രദർശനം.

**സെപ്തംബർ-26. ക്ലാസ് പി.ടി.എ.**

**ഒക്ടോബർ-2. ഗാന്ധി ജയന്തി : സർവ്വമത പ്രാർത്ഥന**

**ഒക്ടോബർ-7. ഐ.ടി. ക്വിസ് മത്സരം**

**ഓക്ടോബർ-10. ലോക മാനസികാരോഗ്യദിനം**

മെന്റൽ ഹെൽത്ത് അവയർനെസ്സ് സെഷൻ, വെൽബീയിങ്ങ് പ്രാക്ടീസെസ് പ്രദർശനം, വീഡിയോ പ്രദർശനം

**ഓക്ടോബർ-11. പഠനയാത്ര**

**നവംബർ-1. കേരളപ്പിറവി ദിനാഘോഷം**

സോഷ്യൽസയൻസ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ കേരളപ്പിറവി വാരാഘോഷ പരിപാടികൾ

**നവംബർ-10. ഉർദു ദിനാചരണം**

പോസ്റ്റർ രചന, ഉർദു മാഗസിൻ

**നവംബർ-14. ശിശുദിനാചരണം**

ശിശുദിന റാലി

**നവംബർ-28. ക്ലാസ് പി.ടി.എ.**

**ഡിസംബർ-1. ലോക എയ്ഡ്സ് ദിനം**

ബാഡ്ജ് നിർമ്മാണം

**ഡിസംബർ-10. ലോക മനുഷ്യാവകാശദിനം**

ചുമർ പത്രിക നിർമ്മാണം

**ജനുവരി-1. ന്യൂ ഇയർ ആഘോഷം**

**ജനുവരി-4. ക്ലാസ് പി.ടി.എ.**

**ജനുവരി-12. ലോക ഹിന്ദി ദിനാചരണം**

**ഫെബ്രുവരി - . സ്കൂൾ ആനിവേഴ്സറി**

**മാർച്ച്-23. ലോക ജലദിനാചരണം**

# GNANAPRAKASINI UPS KECHERY

E-mail : gnanaprakasinikechery4@gmail.com



# ACADEMIC MASTER PLAN

## 2025-26